# നോർക്ക പ്രവാസി പുനരധിവാസഏകോപന സംയോജന പദ്ധതി ( പ്രവാസി – ഭദ്രത)

# “PEARL”

## (Pravasi Entrepreneurship Augmentation and Reformation of Livelihoods)

കോവിഡ്19 മഹാമാരിയെത്തുടർന്ന് ലോകവ്യാപകമായി സൃഷ്ടിച്ച പ്രതിസന്ധി, പ്രവാസികേരളീയരുടെതൊഴിലിനെയുംതൊഴിൽ സാദ്ധ്യതകളെയും ബാധിക്കുകയും നിരവധി പ്രവാസികേരളീയർക്ക ്തൊഴിൽ നഷ്ടപ്പെടുകയും ചെയ്തിട്ടുണ്ട്. പല ലോകരാജ്യങ്ങളിലും നിലവിലുള്ള ലോക്ഡൗൺമൂലം വ്യാപകമായി തൊഴിൽ നഷ്ടപ്പെട്ട് പ്രവാസികേരളീയർ തിരികെ നാട്ടിലെത്തുകയും, യാത്രാവിലക്കുകൾ കാരണം തിരികെ തൊഴിൽസ്ഥലങ്ങളിലേക്ക് മടങ്ങിയെത്താൻ കഴിയാത്തവരും നിലവിലുണ്ട്. ഇത്തരത്തിൽ മടങ്ങിയെത്തിയവരെ പുനരധിവസിപ്പിക്കുകയും അവർക്ക് നിലിനിൽപിനാവശ്യമായ പുതിയ സംരംഭകത്വ പദ്ധതികൾ ആവിഷ്ക്കരിക്കുകയും ചെയ്യേണ്ടത് പ്രധാനമാണ്. ഇത്തരത്തിൽ തിരിച്ചെത്തിയവരും, വിദേശങ്ങളിൽ തൊഴിൽചെയ്ത് മടങ്ങിയെത്തുവരുമായവരെ പുനരധിവസിപ്പിക്കുന്നതിനും അവരുടെ നിലനിൽപിനാവശ്യമായ തൊഴിൽസംരംഭപദ്ധതികൾ ആവിഷ്ക്കരിക്കുന്നതിലേയ്ക്കായി 2021–22 ബജററിൽ 50കോടിരൂപ വകയിരുത്തിയിട്ടുണ്ട്.

ഇത്തരത്തിൽതിരികെയത്തിയ പ്രവാസികേരളീയർക്കായി കുടുംബശ്രീജില്ലാമിഷനുകൾ മുഖാന്തിരം നടപ്പിലാക്കുന്ന പദ്ധതിയാണ് **പ്രവാസി ഭദ്രത – പേൾ**

അവിദഗ്ദ്ധ തൊഴിൽമേഖലകളിൽ നിന്നുള്ളവരും കുറഞ്ഞ വരുമാനപരിധിയിൽ വരുന്നവരുമായ പ്രവാസികേരളീയർ അവരുടെ കുടുംബാംഗങ്ങൾ എന്നിവർക്കായി കുടുംബശ്രീ മുഖേന പലിശരഹിത സംരംഭകത്വവായ്പകളും പിന്തുണസഹായങ്ങളും നൽകി സാമ്പത്തിക സ്വാശ്രയത്വം നൽകുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദ്യേശലക്ഷ്യം. പദ്ധതിയുടെ സവിശേഷതകൾ ചുവടെചേർക്കുന്നു.

- ☐ റിവോൾവിംഗ് ഫണ്ട് മാതൃകയിൽ വ്യക്തിഗതസംരംഭങ്ങൾക്ക് സഹായം
- ☐ സുക്ഷ്മസംരംഭങ്ങൾ ആരംഭിക്കുന്നതിലേയ്ക്കായി വ്യക്തിഗതവായ്പകൾ
- ☐ 2 ലക്ഷംരൂപ വരെയുള്ള പലിശരഹിതവായ്പ
- ☐ 2വർഷത്തിനുള്ളിൽ തിരിച്ചടവ്

**ഗുണഭോക്താക്കൾ**

- വിദേശത്ത് തൊഴിൽചെയ്ത് ജോലി നഷ്ടപ്പെട്ട പ്രവാസികളായിരിക്കണം അപേക്ഷകർ, കോവിഡ് – 19 ന്റെ പശ്ചാത്തലത്തിൽജോലി നഷ്ടപ്പെട്ട പ്രവാസികൾക്കും അപേക്ഷിക്കാം
- കുറഞ്ഞത് 6 മാസമെങ്കിലും അയൽക്കൂട്ടാംഗത്വം നേടിയകൂടുംബശ്രീ അംഗത്തിനോ, അംഗത്തിന്റെ കുടുംബാംഗങ്ങൾക്കോ, കുടുംബശ്രീയുടെ

നേതൃത്വത്തിൽ രൂപീകരിക്കപ്പെട്ട സംഘടനാംഗത്തിനോ മാത്രമെ ഈ പദ്ധതിയിൻ കീഴിൽ ഗുണഭോക്താക്കളാകാൻ കഴിയൂ.

- അപേക്ഷകൻ കൂറഞ്ഞത് 2 വർഷക്കാലമെങ്കിലും പ്രവാസിജീവിതം നയിച്ച വ്യക്തിയായിരിക്കണം

## ധനസഹായം

തിരഞ്ഞെടുക്കുന്ന ഗുണഭോക്താക്കൾക്ക് വ്യക്തിയൊന്നിന് പരമാവധി 2 ലക്ഷംരൂപയോ സംരംഭത്തിന്റെ ആകെ പദ്ധതി തുകയുടെ 75% ഏതാണോ കുറവ് ആയത് ധനസ ഹായമായി അനുവദിക്കുന്നതാണ്. ടി തുക പലിശരഹിത വായ്പയായി 3 മാസത്തെ മോറട്ടോറിയം കാലാവധിക്ക് ശേഷം തുല്ല്യഗഡുക്കളായി 2 കൊല്ലത്തിനുള്ളിൽ (24 മാസം ) ഗുണഭോക്താക്കൾ തിരിച്ചടയ്ക്കേണ്ടതാണ്. സംരംഭം ആരംഭിക്കാതിരിക്കു കയോ തിരിച്ചടവുകാലാവധിക്കുള്ളിൽ സംരംഭം പ്രവർത്തനരഹിതമാകുകയോ ചെയ്താൽ ടി തുക 6 മാസത്തിനകം തിരിച്ചടയ്ക്കേണ്ടതാണ്.പദ്ധതി തുകയുടെ 25% മാർജിൻ തുകയായി അപേക്ഷകൻ മുൻകൂർ കണ്ടെത്തേണ്ടതാണ്.

## അപേക്ഷിക്കേണ്ട വിധം

അപേക്ഷാ ഫോറംകുടുംബശ്രീ ജില്ലാഓഫീസുകളിൽ നിന്ന് സ്വീകരിച്ച് താഴെപ്പറയുന്ന രേഖകൾസഹിതം കുടുബശ്രീ ജില്ലാഓഫീസുകളിൽസമർപ്പിക്കേണ്ടതാണ്

1. പാസ്പോർട്ടിന്റെ ആദ്യ പേജ്/അഡ്രസ്സ് പേജുകളുടെ പകർപ്പ്
2. വിസാ പേജിന്റെ പകർപ്പ്
3. സ്വയംതൊഴിൽ പദ്ധതി റിപ്പോർട്ട്
4. അപേക്ഷകനും, കുടുബശ്രീ യുണിറ്റംഗങ്ങളും ഉൾപ്പെടുന്ന റേഷൻ കാർഡിന്റെ പകർപ്പ്
5. സംരംഭകരുടെയോ, കുടുംബാംഗങ്ങളുടെയോ അയൽക്കൂട്ടാംഗത്വം ഉറപ്പാക്കുന്ന അനിവാര്യരേഖകളുടെ പകർപ്പ്
6. ആധാർകാർഡിന്റെ പകർപ്പ്